(ബി) വില്ലേജ് ഓഫീസ് മുതൽ സെക്രട്ടേറിയറ്റ് വരെ സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് രസീത് നൽകുന്ന രീതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) പൊതുജനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, അപേക്ഷകൾ, നിവേദനങ്ങൾ തുടങ്ങിയവയ്ക്ക് ആയത് കിട്ടിയാലുടൻ കൈപ്പറ്റ് രസീത് കൃത്യമായി നൽകണമെന്ന് കാലാകാലങ്ങളിൽ വിവിധ സർക്കുലറുകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 4-6-2005-ലെ 7068/എ.ആർ13 (2)/05/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം കൈപ്പറ്റ് രസീതിന്റെ മാതൃകയും, കൈപ്പറ്റ് രസീത് നൽകണമെന്ന ഉത്തരവിന്റെ ഉള്ളടക്കം ബോർഡിൽ എഴുതി പ്രദർശിപ്പിക്കേണ്ടതിന്റെ മാതൃകയും, ബോർഡിന്റെ വലിപ്പവും നിശ്ചയിച്ചു കൊണ്ട് വിശദമായ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†

ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ പത്രപ്രവർത്തകർക്ക് അക്രഡിറ്റഡ് ഐഡന്റിറ്റി കാർഡ്

17 [1657] *ഡോ. എ. നീലലോഹിതദാസൻ നാടാർ*:

ശ്രീ എ. സി. ഷൺമുഖദാസ്:

,, സി. കെ. നാണു:

,, കെ. പി. മോഹനൻ:

ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനുകാലിക പത്രപ്രവർത്തകർക്ക് അക്രഡിറ്റഡ് ഐഡന്റിറ്റി കാർഡ് നൽകുന്നതിന് പബ്ലിക് റിലേഷൻസ് വകുപ്പ് എന്തെങ്കിലും നയം സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് തീരുമാനം എടുക്കുവാൻ നടപടി സ്വീകരിക്കുമോ;

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയമസഭയിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രി ഉറപ്പു നൽകിയ പ്രകാരം ഇവർക്ക് പെൻഷൻ നൽകുന്നതിനും ക്ഷേമനിധി രൂപീകരിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ;

(ഡി) ഇക്കാര്യത്തെക്കുറിച്ച് ആനുകാലിക പത്രപ്രവർത്തക സംഘടനകളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവരുമായി ചർച്ച നടത്തി പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) തൽക്കാലം ഇല്ല.

(സി) പരിശോധിച്ചുവരുന്നു.

(ഡി) പീരിയോഡിക്കൽ അസ്സോസിയേഷൻ ഓഫ് ഇന്ത്യ എന്ന സംഘടന യുടെ നിവേദനം ലഭിച്ചിട്ടുണ്ട്. പരിശോധിക്കുന്നതാണ്.

സ്വാതന്ത്ര്യ സമര സേനാനികളുടെ ആനുകൂല്യങ്ങൾ

18 [1660] *ശ്രീ. ഉമേഷ് ചള്ളിയിൽ*:

,, *കെ. കെ. ഷാജു*:

,, *എ. എൻ. രാജൻബാബു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്വാതന്ത്ര്യ സമര സേനാനികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്;

(ബി) മുമ്പുണ്ടായിരുന്ന ഏതെങ്കിലും ആനുകൂല്യങ്ങൾ ഈയിടെ നിരസിക്ക പ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ;

(സി) സ്വാതന്ത്ര്യ സമരസേനാനികൾക്ക് ലഭ്യമാക്കാത്ത ആനുകൂല്യങ്ങളെ സംബന്ധിച്ച് ഏതെല്ലാം സംഘടനകളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly